**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2260** **21-06-2024 - ൽ മറുപടിയ്ക്ക്**

**വടകര താലൂക്കിൽ മുൻഗണനാ കാർഡ് അനുവദിക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പുതുതായി വടകര താലൂക്കിൽ എത്ര മുൻഗണനാ കാർഡ് (ബി.പി.എൽ.) അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; | (എ) | 9585 എണ്ണം. |
| (ബി) | 2023-24 കാലയളവിൽ വടകര താലൂക്കിൽ അനധികൃതമായി കൈവശം സൂക്ഷിച്ച എത്ര ബി. പി. എൽ കാർഡുകൾ വകുപ്പ് കണ്ടെത്തി ഫൈൻ ഈടാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) | 301 കാർഡുകൾ അനർഹമാണെന്ന് കണ്ടെത്തി, പിഴ ഇനത്തിൽ 6,14,655/- രൂപ ഈടാക്കിയിട്ടുണ്ട്. |
| (സി) | അർഹരായ ആളുകളെ കണ്ടെത്തി ബി. പി. എൽ. കാർഡ് നൽകുന്നതിനു വകുപ്പ് സ്വീകരിച്ച് വരുന്ന നടപടികൾ വിശദമാക്കാമോ ? | (സി) | മുൻഗണനാ പട്ടികയിൽ ഉൾപ്പെട്ട അനർഹരെ പൂർണ്ണമായും ഒഴിവാക്കുന്നതിനും അപ്രകാരമുള്ളവരുടെ സ്വയം ഒഴിവാകൽ നടപടികൾ പ്രോത്സാഹിപ്പിക്കുന്നതിനും അപ്രകാരമുള്ളവരുടെ വിവരങ്ങൾ അറിയിക്കുന്നതിനും മാധ്യമ പ്രചാരണം നടത്തി വരുന്നു.<br><br>പി.ഡി.എസ്. കൺട്രോൾ ഓർഡർ 2015 ക്ലോസ് 13 പ്രകാരം മുൻഗണനാ പട്ടികയുടെ ശുദ്ധീകരണം തുടർ പ്രക്രിയയാണ്. നേരിട്ടും ടെലിഫോൺ പരാതി സെല്ലിലൂടെയും ലഭിക്കുന്ന പരാതികളിൻമേൽ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ/സിറ്റി റേഷനിംഗ് ഓഫീസർമാരും, റേഷനിംഗ് ഇൻസ്പെക്ടർമാരും ഫീൽഡ്തല പരിശോധന നടത്തിയും ഇതര വകുപ്പുകളുടെ ഡാറ്റയുമായി ആർ.സി.എം.എസ്. ഡാറ്റ വിശകലനം ചെയ്തും ബയോമെട്രിക് ഓതന്റിക്കേഷൻ വഴിയും ഒരംഗം മാത്രമുള്ള കാർഡുകളും ആധാർ ലിങ്ക് ചെയ്യാത്ത മുൻഗണനാ കാർഡുകളും പരിശോധനയ്ക്ക് വിധേയമാക്കിയും OPERATION YELLOW പരിശോധനാ പരിപാടിയിലൂടെയും അനർഹമായി മുൻഗണനാ കാർഡുകൾ കൈവശം വച്ചിരിക്കുന്നവരെ കണ്ടെത്തി ദുരുപയോഗം ചെയ്ത റേഷൻ സാധനങ്ങളുടെ കമ്പോളവില പിഴയായി ഈടാക്കി കാർഡുകൾ |

| | | | |
|---|---|---|---|
| | | | പൊതുവിഭാഗത്തിലേയ്ക്ക് മാറ്റി അർഹരായവർക്ക് അവസരമുറപ്പാക്കുന്ന നടപടികൾ തുടർന്ന് വരുന്നു.<br><br>പൊതു ജനങ്ങൾക്ക് അനർഹമായി മുൻഗണനാ റേഷൻ കാർഡുകൾ കൈവശം വയ്ക്കുന്നവരുടെ പേര് വിവരങ്ങൾ അറിയിക്കുന്നതിന് 1987, ടോൾ ഫ്രീ (1800-425-1550), വാട്സ് ആപ്പ് (9188527301) നമ്പരുകൾ പ്രയോജനപ്പെടുത്താവുന്നതാണ്.<br><br>ഓൺലൈൻ മുഖേന ലഭ്യമാകുന്ന അപേക്ഷകൾ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കിയും ആവശ്യമെങ്കിൽ ഫീൽഡ് പരിശോധന നടത്തിയും മുപ്പതോ അതിലധികമോ മാർക്ക് ലഭിക്കുന്നവരെ മാർക്കിന്റെ അടിസ്ഥാനത്തിൽ സപ്ലിമെന്ററി പട്ടികയിൽ ഉൾപ്പെടുത്തി മുൻഗണനാ പട്ടിക തയ്യാറാക്കുകയും ഓരോ താലൂക്കിനുമുള്ള ഒഴിവുകൾ അലോട്ട് ചെയ്യുന്ന മുറയ്ക്ക് റാങ്ക് ലിസ്റ്റിലെ സീനിയോറിറ്റി പ്രകാരം കാർഡുകൾ സമയബന്ധിതമായി മുൻഗണനയിലേക്ക് തരം മാറ്റി നൽകുകയുമാണ് ചെയ്തു വരുന്നത്. നാളിതുവരെ ലഭ്യമായ എല്ലാ അപേക്ഷകളിന്മേലും പരിശോധന നടത്തി അർഹതയുടെ അടിസ്ഥാനത്തിൽ ഒഴിവുകൾക്ക് അനുസൃതമായി മുൻഗണനാ കാർഡ് നല്കി വരുന്നു. |

സെക്ഷൻ ഓഫീസർ